## അസംഘടിത തൊഴിലാളികൾക്കായുള്ള
## ക്ഷേമനിധി പദ്ധതി യാഥാർത്ഥ്യമായി

അഡ്വ. ഷെറി ജെ തോമസ് @9447200500

**അ**സംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷിതത്വത്തിനായുള്ള കേന്ദ്ര നിയമം 2008 ൽ പ്രാബല്യത്തിലായെങ്കിലും അത് പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള ക്ഷേമ നിധി പദ്ധതി നടപ്പിലായിരുന്നില്ല. ഒടുവിൽ 2011 ൽ കേരള സർക്കാർ, കേരള അസംഘ ടിത തൊഴിലാളി ക്ഷേമനിധി പദ്ധതി 2011 പ്രസിദ്ധീകരിച്ചതോടുകൂടി കേരളമെമ്പാടുമുള്ള അസംഘടിത തൊഴിലാളികൾക്ക് ഇനി ഈ ക്ഷേമനിധിയിൽ ചേർന്ന് ആനുകൂല്യങ്ങളും അവകാശങ്ങളും നേടാം. (രാഷ്ട്രസ്വാസ്ഥ്യ ബീമായോജന, ആം ആദ്മി ബീമായോജന, ഇതര ക്ഷേമപദ്ധതികൾ ഇവയിൽ ഏതിലെങ്കിലും അംഗത്വമുള്ളവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കില്ല.)

### അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ ആർക്കൊക്കെ ചേരാം

ഓലമെടച്ചിൽ, പച്ചക്കറി തലച്ചുമടായി കച്ചവടം, പ്ളാസ്റ്റിക് നെയിത്ത്, തട്ടുചായക്കച്ചവ ടം, കറവ, സൈക്കിൾ റിപ്പയർ, പനയോലമടച്ചിൽ, വാച്ച് റിപ്പയർ, കുട്ടവരിച്ചിൽ, ചെമ്മീൻ കിള്ളൽ, ഫോട്ടോ ഫ്രെയിം ചെയ്യൽ, തഴപ്പായ നെയ്ത്ത്, കുടിപ്പള്ളിക്കൂടം, വീട്ടിൽ ട്യൂ ഷൻ പഠിപ്പിക്കൽ, കേവ് വള്ള തൊഴിലാളി, ജ്യോതിഷം, കൂട് നിർമ്മാണം, മൈക്കാട്(കൂ ലി), പഴയ പാത്രം തലച്ചുമടായി സംഭരണം, പർപ്പടക നിർമ്മാണം, തേങ്ങ വെട്ടി ഉണ ക്കൽ, വലകെട്ടൽ, വയ്ക്കോൽ ഉണക്കി കെട്ടൽ, ശില്പനിർമ്മാണം, ടൈപ്പ് റൈറ്റിംഗ് ജോബ് വർക്ക്, ബേക്കറി പലഹാര നിർമ്മാണം, ബുക്ക് ബൈന്റിംഗ്, ചാക്ക് നിർമ്മാണം, മുളപ്പണി, ഉന്തുവണ്ടിയിൽ കച്ചവടം, പണ്ടാരി, കരകൗശലം, പാൽവിതരണം, പശുവ ളർത്തൽ, തുണിക്കച്ചവടം, പൂകെട്ട്, ചല്ലിയടി, പായ് നെയ്ത്ത്, ചിപ്സ് നിർമ്മാണം, ചൂരൽപ്പ ണി, പാരമ്പര്യവൈദ്യം, നിലത്തെഴുത്ത്, കോഴി വളർത്തൽ, മത്സ്യവിതരണം, പത്ര വിതര ണം, ആടുവളർത്തൽ, മുന്തിരി കച്ചവടം, മില്ല് പണി, ടൈപ്പ് റൈറ്റിംഗ് റിപ്പയർ, പഴയപാത്ര സംഭരണം, കാലിച്ചാക്ക് വിതരണം, പുരാണപാരായണം, മാടക്കട കച്ചവടം, ചിത്ര നിർമ്മാ ണം, പാവനിർമ്മാണം, ചെരുപ്പുകുത്തി, മൂശാരി, പലഹാരക്കച്ചവടം, ഈർച്ചപ്പണി, തവി നിർമ്മാണം, കായലിൽ നിന്നും കക്കവാരൽ എന്നിങ്ങനെ 61 വിഭാഗം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ അസംഘടിത തൊഴിലാളി എന്ന ഗണത്തിൽപ്പെടും. ഇവർക്കൊക്കെ, ഈ ക്ഷേമനിധിയിൽ അംഗത്വമെടുത്ത് ഇതിന്റെ ആനുകൂല്യത്തിന് അർഹരാകാം.

### ആരാണ് തൊഴിലുടമ

നേരിട്ടോ, മറ്റൊരാൾ മുഖേനെയോ അസംഘടിത തൊഴിലാളികളുടെ സേവനം ഉപയോ ഗപ്പെടുത്തുന്നയാളോ സേവനം ഉപയോഗപ്പെടുത്തുന്നതിന് ഏൽപ്പിച്ചിട്ടുള്ള കരാറുകാരനോ തൊഴിലുടമ എന്ന ഉത്തരവാദിത്വത്തിൽ ഉൾപ്പെടും.

### പദ്ധതിയിൽ ചേരുന്നതെങ്ങനെ

18 വയസ്സിനും 58 വയസ്സിനും ഇടയിൽ പ്രായമുള്ള മേൽ വിവരിച്ച ഏതെങ്കിലും തൊഴിൽ എടുക്കുന്ന ആർക്കും ഈ പദ്ധതിയിൽ ചേരാം. ഈ പദ്ധതിയിൽ അംഗമായി ചേരാൻ ആഗ്രഹിക്കുന്ന അസംഘടിത തൊഴിലാളി അവർ ജോലി ചെയ്യുന്ന ജില്ലയിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷയോ ടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും നൽകണം. അംഗത്വം ലഭിച്ച തൊഴിലാ ളിക്ക് ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് ലഭിക്കും. ക്ഷേമനിധിയിൽ ചേരുന്ന തൊഴി ലാളി എല്ലാ മാസവും 20 രൂപ അംശാദായം അടയ്ക്കണം.

## എന്തൊക്കെ ആനുകൂല്യങ്ങൾ ലഭിക്കും

**പെൻഷൻ** – കുറഞ്ഞത് ഒരു വർഷമെങ്കിലും തുടർച്ചയായി ക്ഷേമനിധിയിൽ തുക അടച്ച അംഗത്തിന് അറുപത് വയസ്സ് തികയുന്ന സമയത്തോ, സ്ഥിരമായ ശാരിരീക അവശതമൂലമോ അംഗവൈകല്യം മൂലമോ ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥയിലോ പെൻഷന് അർഹതയുണ്ടായിരിക്കും. (60 വയസ്സ് കഴിഞ്ഞ, കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീമിൽ അംഗത്വം എടുത്ത് സൂപ്പർ ആന്വേഷൻ അസംഘടിത തൊഴിലാളികൾക്ക് വിധവാ പെൻഷൻ/വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ ഏതെങ്കിലും സൂമൂഹികസുരക്ഷാ പെൻഷനുകൾ ലഭ്യമാകാതിരുന്നാൽ അവർക്കും ഈ പദ്ധതിയിലൂടെ പെൻഷൻ ലഭിക്കുന്നതാണ്).

**കുടുംബ പെൻഷൻ** – കുറഞ്ഞത് 5 വർഷം അംശാദായം അടച്ച അംഗമോ, ഈ പദ്ധതി പ്രകാരം പെൻഷന് അർഹനായ അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കും. കുടുംബപെൻഷൻ തുക ഈ പദ്ധതിപ്രകാരം രൂപീകരിക്കുന്ന ഭരണസമിതി തീരുമാനിച്ച് നടപ്പാക്കും.

**പ്രസവാനുകൂല്യം** – അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയാകുന്ന വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 7500 രൂപ ലഭിക്കും. (രണ്ട് പ്രസവത്തിനു മാത്രം)

**വിവാഹാനുകൂല്യം** – മൂന്ന് വർഷമെങ്കിലും ക്ഷേമനിധിയിലേക്ക് അംശാദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹചെലവിനായി 5000 രൂപ ലഭിക്കും. (പരമാവധി രണ്ട് തവണ)

**ചികിത്സാനുകൂല്യം** – 6 മാസം അംഗത്വകാലാവധി പൂർത്തിയായ അംഗത്തിന് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ചികിത്സാ സഹായം ലഭിക്കും. ലഭിക്കേണ്ട തുക ഈ ക്ഷേമനിധി പദ്ധതി പ്രകാരമുള്ള ഭരണസമിതി തീരുമാനിക്കും.

**മരണാനന്തര സഹായം** –

| | |
|---|---|
| 1 വർഷത്തിനും 5 വർഷത്തിനും ഇടയിൽ അംഗം മരിച്ചാൽ | - 5000/- |
| 5 വർഷത്തിനും 10 വർഷത്തിനും ഇടയിൽ അംഗം മരിച്ചാൽ | - 10000/- |
| 10 വർഷത്തിനും 15 വർഷത്തിനും ഇടയിൽ അംഗം മരിച്ചാൽ | - 15000/- |
| 15 വർഷത്തിനും 20 വർഷത്തിനും ഇടയിൽ അംഗം മരിച്ചാൽ | - 20000/- |
| 20 വർഷത്തിന് മുകളിൽ അംഗത്വമുള്ള അംഗം മരിച്ചാൽ | - 30000/- |

## ഇനിയും ചേരാത്തയാളുകൾ നിരവധി, അറിയാത്തവർ അനവധി

അസംഘടിത തൊഴിലാളികളുടെ കാര്യങ്ങൾ സുരക്ഷിതമാക്കാൻ കേന്ദ്രസർക്കാർ നിയമം കൊണ്ടുവന്നുവെങ്കിലും സംസ്ഥാന സർക്കാർ ക്ഷേമനിധി പദ്ധതി രൂപീകരിച്ചപ്പോഴാണ് അതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിച്ചു തുടങ്ങുന്നത്. സംഘടിത തൊഴിൽ മേഖലയിൽ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിതമായിത്തന്നെ അംഗത്വം ചേർക്കലും മറ്റ് ആനുകൂല്യങ്ങളുടെ പ്രചരണവും നടക്കും. എന്നാൽ അസംഘടിതരായ തൊഴിലാളികൾക്കിടയിൽ ഇത്തരം പദ്ധതികളുടെ പ്രചരണം ഇനിയും കാര്യമായി നടത്തേണ്ടതുണ്ട്.